# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.07.2024**

### പ്രധാനവാർത്തകൾ

1. യുവാക്കളുടെ ആവേശവും പ്രതിബദ്ധതയും വികസിത രാഷ്ട്രമെന്ന കാഴ്ചപ്പാടിലേക്ക് നമ്മുടെ രാജ്യത്തെ നയിക്കുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

2. പുത്തൻ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ സ്പേസ് പാർക്ക് സഹായകരമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. മലിനീകരണ നിയന്ത്രണത്തിനായി എണ്ണ കമ്പനികൾ നടപടികൾ സ്വീകരിച്ചു വരുന്നതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

4. പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ടെന്ന് മന്ത്രി ജി ആർ അനിൽ.

5. സഹകരണ സംഘങ്ങളിലെ ഇടപാടുകൾക്കായി ഏകീകൃത സോഫ്റ്റ്‌വേർ ഏർപ്പെടുത്തുന്നതിനുള്ള നടപടി അടുത്തമാസം ആരംഭിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ.

6. ഹരാരെയിൽ നടക്കുന്ന ട്വന്റി - 20 പുരുഷ ക്രിക്കറ്റിൽ സിംബാബ്‌വെയ്ക്കെതിരെ ഇന്ത്യയ്ക്ക് 116 റൺസ് വിജയലക്ഷ്യം.

****************************************

## ജഗ്ദീപ് ധൻകർ

യുവാക്കളുടെ ആവേശവും പ്രതിബദ്ധതയും വികസിത രാഷ്ട്രമെന്ന കാഴ്ചപ്പാടിലേക്ക് നമ്മുടെ രാജ്യത്തെ നയിക്കുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. തിരുവനന്തപുരത്ത് വലിയമലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ 12-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി. നമ്മുടെ രാജ്യം വികസനത്തിന്റെ പാതയിലാണെന്നും അന്താരാഷ്ട്ര നാണയ നിധി, ലോക ബാങ്ക് തുടങ്ങിയ ആഗോള സംഘടനകൾ ഇത് അംഗീകരിച്ചിട്ടുണ്ടെന്നും ശ്രീ ധൻകർ പറഞ്ഞു. ബഹിരാകാശ മേഖലയെ കൂടുതൽ ഉയരങ്ങളിലെത്തിക്കാൻ ഉള്ള ഐഎസ്ആർഒയുടെ ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. തിരുവനന്തപുരം വലിയമലയിലെ ഇന്ത്യൻ ഇൻസ്റ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണ മെഡൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സമ്മാനിച്ചു. ഉപരാഷ്ട്രപതി നാളെ ഡൽഹിക്ക് മടങ്ങും.

RNUTVPM

***************************************

## മുഖ്യമന്ത്രി

പുത്തൻ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ സ്പേസ് പാർക്ക് സഹായകരമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിനുള്ളിൽ ബഹിരാകാശ സങ്കേതിക മേഖലയിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ - സ്പേസും വി എസ് എസ്സി യും തമ്മിൽ ധാരണപത്രം ഒപ്പുവച്ചു. മുഖ്യമന്ത്രി പിണറായി വിജയൻറെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ

ഐ.എസ്.ആർ.ഒ ചെയർമാൻ എസ്. സോമനാഥ്, കെ-സ്പേസ് പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

************************************

## സുരേഷ് ഗോപി

മലിനീകരണ നിയന്ത്രണത്തിനായി എണ്ണ കമ്പനികൾ നടപടികൾ സ്വീകരിച്ചു വരുന്നതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കണ്ണൂർ മുഴപ്പിലങ്ങാട് ബീച്ചിൻറെ ടൂറിസം വികസനത്തിനുള്ള സാധ്യതകൾ പരിശോധിച്ചു വരുകയാണെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു.

RNU TVPM

************************************

## ജി ആർ അനിൽ

പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ടെന്ന് മന്ത്രി ജി ആർ അനിൽ. കെ സ്റ്റോറിൻറെ പ്രവർത്തനം കാസർഗോഡ് ജില്ലയിൽ വിപുലമാക്കും. നിലവിൽ പന്ത്രണ്ട് സ്റ്റോറുകൾ ആണ് ജില്ലയിൽ പ്രവർത്തിക്കുന്നത് ഓണത്തിന് മുമ്പ് ഇത് 30 ആയി വർദ്ധിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. റേഷൻ ഷോപ്പുകളോട് ചേർന്നാണ് കെ സ്റ്റോർ പ്രവർത്തിക്കുകയെന്നും മന്ത്രി പറഞ്ഞു. കേരളത്തിന്റെ ആവശ്യങ്ങൾ അറിയിക്കുന്നതിന് കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയെ ഉടൻ സന്ദർശിക്കുമെന്നും മന്ത്രി പറഞ്ഞു.

************************************

## വി.എൻ. വാസവൻ

സഹകരണ സംഘങ്ങളിലെ ഇടപാടുകൾക്കായി ഏകീകൃത സോഫ്റ്റ്‌വേർ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടുത്തമാസം ആരംഭിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ. 10 ലക്ഷത്തിനു മുകളിലുള്ള വായ്പയുടെ ജാമ്യവസ്തു വാല്യുവേഷന് അഞ്ചംഗ സംഘത്തെ നിയോഗിക്കുമെന്നും 102-ാമത് അന്താരാഷ്ട്ര സഹകരണ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയത്ത് നിർവഹിവേ മന്ത്രി പറഞ്ഞു.

(ഹോൾഡ് - വോയ്സ്)

സഹകരണ സംഘങ്ങളിൽ നിലവിലുള്ള സോഫ്റ്റ്‌വേർ നിലനിർത്തിക്കൊണ്ടാവും ഏകീകൃത സോഫ്റ്റ്വേറിന്റെ പ്രവർത്തനമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

************************************

## റോഷി അഗസ്റ്റിൻ

വായനയിലൂടെ ലഭിക്കുന്ന അറിവും അനുഭവപരിസരങ്ങളും വലിയ സാമൂഹിക മാറ്റങ്ങൾക്ക് വഴി തെളിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. വായനപക്ഷാചരണത്തോടനുബന്ധിച്ച് ഇടുക്കി വാഴത്തോപ്പ് സെൻറ് ജോർജ് ഹൈസ്കൂളിൽ സംഘടിപ്പിച്ച ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് പി എൻ പണിക്കരും അദ്ദേഹത്തിന്റെ ജീവിതവും വായനയുടെ ലോകത്ത് സൃഷ്ടിച്ച മാറ്റങ്ങൾ വളരെ വലുതാണ്. ഇന്നത്തെ തലമുറ

ഡിജിറ്റൽ വായനയ്ക്കാണ് പ്രാധാന്യം നൽകുന്നതെന്നും അത് വായനയെ കൂടുതൽ ജനകീയമാക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

*************************************

ധനസഹായം

കുവൈത്തിൽ ഫ്ളാറ്റിന് തീ പിടിച്ചുണ്ടായ അപകടത്തിൽ മരിച്ച കോട്ടയം പാമ്പാടി സ്വദേശി സ്റ്റെഫിൻ ഏബ്രഹാമിന്റെ കുടുംബത്തിന് അനുവദിച്ച ധനസഹായം കൈമാറി. മന്ത്രി വി.എൻ. വാസവൻ സ്റ്റെഫിൻ്റെ വീട്ടിലെത്തിയാണ് ധനസഹായം കൈമാറിയത്. സർക്കാർ സഹായമായ 5 ലക്ഷത്തിന് പുറമെ, സ്വകാര്യ വ്യക്തികളും സംഘടനകളും നൽകിയ ധനസഹായവും കൈമാറി.

RNU TVPM

*************************************

## SAMPOORNATA ABHIYAN

നിതി ആയോഗിന്റെ നേതൃത്വത്തിൽ നടത്തുന്ന സമ്പൂർണ്ണത അഭിയാൻ പരിപാടി വയനാട് മാനന്തവാടിയിലും, ഇടുക്കി അഴുത ബ്ലോക്കിലും, പാലക്കാട് അട്ടപ്പാടിയിലും ഇന്ന് സംഘടിപ്പിച്ചു. ഈ മേഖലകളിൽ ആരോഗ്യ പരിശോധന ക്യാമ്പുകൾ, ഭക്ഷ്യമേളകളും സംഘടിപ്പിച്ചു. Aspirational Blocks പദ്ധതിയിൽ ഉൾപ്പെട്ട ബ്ലോക്കുകളിലെ പൗരന്മാരുടെ ജീവിതനിലവാരം ഉയർത്തുന്നതിനാണ് പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

*************************************

ഡെങ്കി കേസുകൾ - കണ്ണൂർ

കണ്ണൂർ കോർപ്പറേഷൻ ഡിവിഷനിലെ കാനത്തൂർ ഭാഗത്ത് ഡെങ്കി കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യതിനെത്തുടർന്ന് ആരോഗ്യ വകുപ്പ് പരിശോധന കർശനമാക്കി. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ കൊതുക് വളരാനുള്ള സാഹചര്യമുള്ളതിനാൽ അത്തരം ചെറിയ വെള്ളക്കെട്ടുകൾ അടിയന്തരമായി നീക്കാനും നിർദ്ദേശം നൽകി.

**************************************

## കണ്ണൂർ - ഇൻട്രോ

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെൻറ് വനിതാ കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കണ്ണൂർ നാറാത്ത് ഗ്രാമ പഞ്ചായത്തിലെ തരിശുപാടം ഏറ്റെടുത്ത് കൃഷിയിറക്കികി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ...**

(വോയ്സ്)

RNU TVPM

**************************************

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് ജില്ലയിൽ വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രദേശത്ത് ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ സ്ഥിതിഗതികൾ വിലയിരുത്തി. രോഗം സ്ഥിരീകരിച്ച കുട്ടി പയ്യോളി പൊതുകുളത്തിൽ കുളിച്ചതായി കണ്ടെത്തിയിരുന്നു. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ

ചികിൽസയിലുളള കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

************************************

## ക്രിക്കറ്റ്

ഹരാരെയിൽ നടക്കുന്ന ട്വന്റി 20 പുരുഷ ക്രിക്കറ്റിൽ സിംബാബ്‌വെയ്ക്കെതിരെ ഇന്ത്യയ്ക്ക് 116 റൺസ് വിജയലക്ഷ്യം. സിംബാബ്‌വെയിലെ ഹരാരെ സ്പോർട്സ് ക്ലബ് സ്റ്റേഡിയത്തിൽ ആരംഭിച്ച കളിയിൽ ടോസ് നേടിയ , ശുഭ്മാൻ ഗില്ലിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം സിംബാബ്‌വെയെ ബാറ്റിങ്ങിനയച്ചു. സിംബാബ്‌വെ നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 115 റൺസ് എടുത്തു. ഇന്ത്യയ്ക്കു വേണ്ടി രവി ബിഷ്ണോയ് 4 വിക്കറ്റും വാഷിംഗ്ടൺ സുന്ദർ 2 വിക്കറ്റും വീഴ്ത്തി. മറുപടി ബാറ്റിംഗിൽ ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ 3 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 15 റൺസെന്ന നിലയിൽ.

RNU TVPM

************************************

## കോപ്പ അമേരിക്ക

വെനസ്വേലയെ കീഴടക്കി കാനഡ കോപ്പ അമേരിക്ക ഫുട്ബോൾ ടൂർണമെന്റിന്റെ സെമിയിൽ കടന്നു. നിശ്ചിത സമയത്ത് ഇരു ടീമുകളും ഓരോ ഗോളടിച്ച് സമനില പാലിച്ചതിനെ തുടർന്ന് കളി പെനൽറ്റി ഷൂട്ടൗട്ടിലേക്ക് നീണ്ടു. ഷൂട്ടൗട്ടിൽ 4–3ന്റെ വിജയത്തോടെയാണ് കാനഡ സെമി ബെർത്ത് ഉറപ്പിച്ചത് .ഈ മാസം പത്തിന് നടക്കുന്ന സെമിയിൽ കാനഡ കരുത്തരായ അർജന്റീനയെ നേരിടും.

************************************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുട്ബാളിൻറെ സെമിയിൽ ഫ്രാൻസും സ്പെയിനും ഏറ്റുമുട്ടും. പെനാൽറ്റി ഷൂട്ടൗട്ടിൽ പോർച്ചുഗലിനെ പരാജയപ്പെടുത്തിയാണ് ഫ്രാൻസ് സെമിഫൈനലിനു യോഗ്യത നേടിയത്. പോർച്ചുഗീസ് താരം ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ അവസാന യൂറോ കപ്പ് മത്സരമായിരുന്നു ഇത്. നേരത്തെ ആതിഥേയരായ ജർമനിയെ പുറത്താക്കി സ്പെയിൻ സെമി ഫൈനലിൽ കടന്നിരുന്നു. ഇന്ന് രാത്രി നടക്കുന്ന ക്വാർട്ടർ ഫൈനലിൽ

ഇംഗ്ലണ്ട് - സ്വിട്സർലാൻഡിനെ നേരിടും.

**************************************

ഭാഗ്യക്കുറി ക്ഷേമനിധി

സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ റദ്ദായവർക്ക് അംഗത്വം പുനസ്ഥാപിക്കാൻ അവസരം. അംശാദായ കുടിശിക നിമിത്തം അംഗത്വം നഷ്ടമായവർക്കാണ് അവസരം. ഈ മാസം 10 മുതൽ അടുത്ത മാസം 10 വരെ ഒരു മാസത്തേക്കാണ് അവസരം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരത്തെ ഹെഡ് ഓഫീസുമായി നേരിട്ടോ 0471 23 25 552 എന്ന നമ്പരിലോ ബന്ധപ്പെടാം.

RNU TVPM

**************************************

കാലാവസ്ഥ

ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും നാളെ ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

************************************

**ലോക കേരള സഭ - കെ.സുരേന്ദ്രൻ**

കഴിഞ്ഞ കാലങ്ങളിലെ ലോക കേരള സഭയുടെ പ്രോഗ്രസ്സ് കാർഡ് പുറത്തുവിടണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. ലോക കേരള സഭ തട്ടിക്കൂട്ട് മാമാങ്കമാണെന്നും അതുകൊണ്ട് കേരളത്തിന് ഒരു പ്രയോജനവുമില്ലെന്നും കോട്ടയത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. ലോക കേരള സഭകൊണ്ട് പ്രവാസി മലയാളികൾക്ക് എന്ത് ഗുണമുണ്ടായെന്ന് സർക്കാർ വ്യക്തമാക്കണംഎന്നും അദ്ദേഹം ആവശ്യപ്പെട്ടു.

************************************

**മനുഷ്യാവകാശ കമ്മീഷൻ**

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ തിരുവനന്തപുരം നിവാസികൾക്ക് വേണ്ടി പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ വിശദീകരണം തേടി. ഗുരുവായൂർ ക്ഷേത്രത്തിലും തമിഴ്നാട്ടിലെ വിവിധ ക്ഷേത്രങ്ങളിലും തദ്ദേശീയരായ ഭക്ത ജനങ്ങൾക്ക് നിലവിലുള്ള സംവിധാനം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലും നടപ്പാക്കണമെന്നാണ് പരാതിക്കാരുടെ ആവശ്യം. ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

************************************************************

************************************

**********************

RNUTVPM